प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്,** കേന്ദ്ര ഓഫീസ് , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

ജനുവരി 05, 2026

## മുംബൈയിലെ സംഖ്യ ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിനു മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി.

'നിഷ്ക്രിയ ആസ്തികളുടെ വാങ്ങൽ/വിൽക്കൽ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ' എന്ന വിഷയത്തിൽ ആർ ബി ഐ പുറപ്പെടുവിച്ചിട്ടുള്ള ചില നിശ്ചിത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിന്, 2025 ഡിസംബർ 29 ലെ ഉത്തരവു പ്രകാരം, മുംബൈയിലെ സംഖ്യ ഫിനാൻഷ്യൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡിനു (പ്രസ്തുത കമ്പനി) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി. ഐ), 40,000 രൂപ (നാൽപ്പതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1934 ലെ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ആക്ടിലെ വകുപ്പ് 58 G യുടെ ഉപവകുപ്പ് (1) ന്റെ നിബന്ധന (b) യും വകുപ്പ് 58 B യുടെ ഉപവകുപ്പ് (5) ന്റെ നിബന്ധന (aa) യും തമ്മിൽ കൂട്ടി വായിച്ച പ്രകാരം ആർ.ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

സമ്മർദ്ദ ആസ്തികൾ (സ്ട്രെസ്സ്ഡ് അസ്സെറ്റ്സ്) അർഹതയില്ലാത്ത ഒരു സ്ഥാപനത്തിനെ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട ഒരു പരാതിയുടെ പശ്ചാത്തലത്തിൽ കമ്പനിയുടെ മേൽ ആർ ബി ഐ നടത്തിയ ഒരു സൂക്ഷ്മ പരിശോധനയിൽ, ആർ ബി ഐ യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതായി വെളിപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തത്തിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത കമ്പനിക്ക് നോട്ടിസ് നൽകുകയുണ്ടായി. നോട്ടിസിനുള്ള പ്രസ്തുത കമ്പനിയുടെ മറുപടിയും വ്യക്തിപരമായ ഹിയറിങ്ങിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം താഴെപ്പറയുന്ന കുറ്റം ചാർത്തൽ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത കമ്പനി, അർഹതയില്ലാത്ത ഒരു സ്ഥാപനത്തിന് ഒരു നിഷ്ക്രിയ ആസ്തി ഏൽപ്പിച്ചു നല്കി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരു മുൻവിധിയും ഉളവാക്കുന്നതല്ല.

**(ബ്രിജ് രാജ്)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2025-2026/1854**